87 (1128) **കൊല്ലം പോലീസ് സൂപ്രണ്ട് ഓഫീസ് മാർച്ചിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് സംഭവിച്ച നഷ്ടം**

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് 2000 ഫെബ്രുവരി 7-നു നടത്തിയ കൊല്ലം പോലീസ് സൂപ്രണ്ട് ഓഫീസ് മാർച്ചിനോടനുബന്ധിച്ച് നടന്ന അക്രമ സംഭവങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ ഭാഗികമായും പൂർണ്ണമായും നശിപ്പിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതുമൂലം എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നാലു ബസുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

(ബി) 8250 രൂപയുടെ നഷ്ടമുണ്ടായി.

88 (1129) **കെ.എസ്.ആർ.ടി.സി. സർവ്വീസ് മെച്ചപ്പെടുത്തുവാൻ നടപടി**

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവീസുകൾ റദ്ദാക്കുന്നതുമൂലം യാത്രക്കാർ കൂടുതലുള്ള സർവ്വീസുകൾ റദ്ദാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരമായി യാത്രക്കാർ കുറവുള്ള റൂട്ടിലെ സർവ്വീസുകൾ മാത്രം റദ്ദാക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ഷെഡ്യൂൾ ടൈമിങ്ങ് മാറ്റം വരുത്തുന്നതിനുള്ള അധികാരം അതാതു ഡിപ്പോ ഓഫീസർമാർക്ക് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ ഡിപ്പോയിലെയും ആവശ്യം നിർണ്ണയിച്ച് സ്പെയർപാർട്ടുകൾ അതതു ഡിപ്പോകളിൽ നേരിട്ട് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) വണ്ടികളുടെ ബാഹുല്യം മൂലവും മെക്കാനിക്കളുടെ അംഗസംഖ്യയിലെ കുറവുമൂലവും വേണ്ട വിധത്തിൽ പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുണ്ടാകുമെന്നതിന് പരിഹാരമായി ഗാരേജിൽ പകൽ ഷിഫ്റ്റിൽ പ്രവർത്തിക്കുന്നതിനേക്കാൾ കൂടുതൽ മെക്കാനിക്കുകളെ രാത്രി ഷിഫ്റ്റിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിലെ 15000 രൂപ വരെയുള്ള വിധി സംഖ്യകൾ അതാതു ഡിപ്പോ ഓഫീസർമാർ കൊടുത്തു തീർക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ജി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മറ്റു സ്ഥാപനങ്ങളിലേയ്ക്ക് അടയ്ക്കുന്നതിനായി പിടിച്ചെടുക്കുന്ന തുക യഥാസമയം അട

LIBRARY ARCHIVES Kerala Legislative Assembly

യ്ക്കേണ്ട സ്ഥാപനങ്ങളിൽ തിരിച്ചടയ്ക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ദേശസാൽകൃതമല്ലാത്ത മേഖലയിലെ വരുമാനം തീരെക്കുറച്ചു ലഭിക്കുന്നതും യാത്രക്കാർ തീരെ കുറവുള്ളതുമായ റൂട്ടുകളിലെ സർവ്വീസുകളാണ് റദ്ദാക്കാറുള്ളത്. യാത്രക്കാർ കൂടുതലുള്ള റൂട്ടുകളിലെ സർവ്വീസുകൾ വരുമാനത്തിലും മുന്നിട്ടുനിൽക്കുമെന്നതിനാൽ റദ്ദാക്കപ്പെടാറില്ല.

(ബി) ദേശസാൽകൃതമല്ലാത്ത മേഖലയിലെ വരുമാനം കുറവുള്ള റൂട്ടിലെ സർവ്വീസുകൾ മാത്രമേ വാഹനത്തിന്റെ കുറവുമൂലം റദ്ദുചെയ്യാറുള്ളൂ.

(സി) ഓർഡിനറി സർവീസുകളുടെ ഷെഡ്യൂൾ ടൈമിൽ മാറ്റം വരുത്തുവാൻ യൂണിറ്റ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ ദീർഘദൂര സർവ്വീസുകളുടെ സമയം ചീഫ് ഓഫീസിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ മാറ്റുവാൻ കഴിയുകയുള്ളൂ. വിവിധ യൂണിറ്റുകളിൽ നിന്ന് ഒരേ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബസുകൾ ഒരുമിച്ച് ഒരേ സമയം ഓപ്പറേറ്റ് ചെയ്യപ്പെടുന്നത് ഒഴിവാക്കുവാനാണിങ്ങനെ ചെയ്യുന്നത്.

(ഡി) കേന്ദ്രീകൃത സമ്പ്രദായത്തിലുള്ള പർച്ചേസ് സംവിധാനമാണ് കെ.എസ്.ആർ.ടി.സി. യിൽ സ്വീകരിച്ചിട്ടുള്ളത്. അസി.കൺട്രോളർ (സ്റ്റോഴ്സ് ആന്റ് ഇൻവെന്ററി കൺട്രോൾ) എന്ന ഉദ്യോഗസ്ഥന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന ചീഫ് സ്റ്റോറിലാണ് ആവശ്യമുള്ള സ്പെയർപാർട്ടിന്റെയും മറ്റ് സാധനങ്ങളുടെയും ആവശ്യകതയ്ക്കാനുപാതികമായ എണ്ണം തിട്ടപ്പെടുത്തുന്നത്. ഇതനുസരിച്ച് വാങ്ങുന്ന സ്പെയർ പാർട്ടുകൾ ഡിപ്പോകളിലെ സബ്സ്റ്റോറുകളിലേയ്ക്ക് ആവശ്യാനുസരണം നൽകുന്നു. സ്റ്റോറിൽ അക്കൗണ്ട് ചെയ്യാതെ കമ്പനിയിൽ നിന്നും നേരിട്ട് ഡിപ്പോകളിലേയ്ക്ക് ഡെലിവറി നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി. യുടെ ഗാരേജുകളിൽ പ്രധാനപ്പെട്ട പണികളും, മെയിന്റനൻസ് പണികളും പകൽ സമയത്താണ് ചെയ്തു കൊണ്ടിരിക്കുന്നത്. രാത്രികാലങ്ങളിലെ ബ്രേക്ക്ഡൗൺ ജോലികളും ദിവസവും ചെയ്തു തീർക്കേണ്ട മെയിന്റനൻസ് ജോലികളും രാത്രിഷിഫ്റ്റിൽ പ്രവർത്തിക്കുന്നവരാണ് ചെയ്യുന്നത്. രാത്രികാലങ്ങളിൽ കൂടുതൽ ജീവനക്കാരെ വർക്കുഷോപ്പുകളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്)വിധിപ്പകർപ്പുകൾ പരിശോധിച്ച് പണം നൽകുന്നതിനുള്ള ഉത്തരവു പുറപ്പെടുവിച്ച് ആവശ്യമായ തുക ബന്ധപ്പെട്ട വാഹനത്തിന്റെ യൂണിറ്റിൽ ലഭ്യമാക്കുകയും അവിടെ നിന്നും കോടതി നിർദ്ദേശാനുസരണം പണം കെട്ടിവയ്ക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ മാറ്റം വരുത്തുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ജി) ഉണ്ട്. 9/99 വരെയുള്ള കാലയളവിൽ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുത്ത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. എൽ.ഐ.സി., ഇൻകംടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവ താമസംകൂടാതെ തന്നെ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly